**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4425** **18-03-2025 - ൽ മറുപടിയ്ക്ക്**

**ഗ്രീൻ ഇൻകം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | പാർശ്വവത്ക്കരിക്കപ്പെട്ട സമൂഹത്തിന് സൗരോർജ്ജ നിലയങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന 'ഗ്രീൻ ഇൻകം' പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര വീടുകളിൽ സൗജന്യമായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിനുകൂടി സൗരോർജ്ജ നിലയങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ അനെർട്ട് നടപ്പിലാക്കുന്ന കേരള സർക്കാരിന്റെ മാതൃകാ പദ്ധതിയാണ് '**ഗ്രീൻ ഇൻകം സ്കീം ഹരിതവരുമാന പദ്ധതി**'. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർക്ക് മാത്രം പ്രാപ്യമായിരുന്ന ഇത്തരം പദ്ധതികൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് കൂടി സൗജന്യമായി ലഭ്യമാക്കുകയും അതിലൂടെ ഒരു വരുമാനം ഉറപ്പുവരുത്തുകയുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീടുകൾ, പട്ടികജാതിവകുപ്പ് നിർമ്മിച്ച വീടുകൾ, പുനർഗേഹം പദ്ധതി വഴി നിർമ്മിച്ച വീടുകൾ, എന്നിവയിലാണ് സൗജന്യമായി ശൃംഖലാബന്ധിത സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നത്.<br><br>പ്രസ്തുത പദ്ധതിക്ക് കീഴിൽ 1,700 വീടുകളിൽ അനെർട്ട് ഇതിനോടകം സൗജന്യമായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു നൽകിയിട്ടുണ്ട്. ഓരോവീട്ടിലും 2-3 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്. ഗാർഹിക ഉപയോഗ ശേഷം അധികം ഉത്പാദിപ്പിക്കുന്ന വൈദ്യുതി ശൃംഖലയിലേയ്ക്ക് നൽകുന്നതിലൂടെ ഗുണഭോക്താവിന് അധികവരുമാനം കണ്ടെത്താൻ കഴിയുന്നതാണ്. കൂടാതെ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താവിന് സൗജന്യമായി ഇൻഡക്ഷൻ കുക്ക്ടോപ്പ് നൽകുന്നതിലൂടെ എൽ.പി.ജി. യുടെ ഉപയോഗം കുറയ്ക്കാൻ സാധിക്കും.<br><br>ഈ പദ്ധതി പ്രകാരം ഇതുവരെ 1,395 ലൈഫ് മിഷൻ/ പുനർഗേഹം/ബി.പി.എൽ. വിഭാഗങ്ങളിലുള്ള വീടുകളിലായി 2 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളും, 305 പട്ടികജാതി |

| | | | |
|---|---|---|---|
| | | | കുടുംബങ്ങളിൽ 3 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളും സൗജന്യമായി സ്ഥാപിച്ചു നൽകി. ഇതിനായി 18,10,64,974/- (പതിനെട്ടു കോടി പത്തുലക്ഷത്തി അറുപത്തിനാലായിരത്തി തൊള്ളായിരത്തി എഴുപത്തിനാല് രൂപ മാത്രം) സംസ്ഥാന സർക്കാരും, 6,53,62,221/- (ആറു കോടി അൻപത്തിമൂന്ന് ലക്ഷത്തി അറുപത്തി രണ്ടായിരത്തി ഇരുനൂറ്റി ഇരുപത്തിഒന്ന് രൂപ മാത്രം) കേന്ദ്ര സർക്കാരും വിനിയോഗിച്ചു.<br><br>ഈ പദ്ധതിയിൽ എല്ലാ കുടുംബങ്ങൾക്കും സൗജന്യമായി ഒരു ഇൻഡക്ഷൻ കുക്ക് സ്റ്റവും വിതരണം ചെയ്തു. ഈ പദ്ധതി വഴി ഗുണഭോക്താവിന് പാചക ഇന്ധനവും വൈദ്യുതി ചാർജ്ജും ലാഭിക്കുന്നു. കൂടാതെ അധിക വൈദ്യുതി ഗ്രിഡിലേക്കു നൽകുന്നതു വഴി ഒരു വരുമാനവും ലഭിക്കുന്നു. ഉദാഹരണമായി, മൂന്ന് കിലോവാട്ട് ഗ്രിഡ് കണക്റ്റഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുമ്പോൾ, പ്രതിദിനം ഏകദേശം പന്ത്രണ്ട് യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കും. ഗ്രിഡിലേക്ക് നൽകുന്ന അധിക വൈദ്യുതിയിൽ നിന്ന് ഒരു ചെറിയ വരുമാനം കണ്ടെത്താൻ ഈ കുടുംബങ്ങൾക്ക് സാധിക്കും. ഉദാഹരണത്തിന് 100 യൂണിറ്റ് വൈദ്യുതി മാസ ഉപഭോഗമുള്ള ഒരു കുടുംബത്തിന്, ഏകദേശം 4,000 യൂണിറ്റ് വൈദ്യുതി ഒരു വർഷം ഗ്രിഡിലേക്ക് കയറ്റുമതി ചെയ്യുവാൻ സാധിക്കുന്നു. ഇതിൽ നിന്നും ഏകദേശം 12,000/- രൂപയോളം വർഷത്തിൽ വരുമാനമായി ലഭിക്കുന്നു. ഈ പദ്ധതി കൂടുതൽ വീടുകളിലേക്ക് വ്യാപിപ്പിക്കാൻ അനെർട്ട് ലക്ഷ്യമിടുന്നു. |
| (ബി) | ഗുരുവായൂർ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | പ്രസ്തുത പദ്ധതി കേരളത്തിലെ കൂടുതൽ വീടുകളിലേക്ക് വ്യാപിപ്പിക്കാൻ അനെർട്ട് ലക്ഷ്യമിടുന്നു**.** |

സെക്ഷൻ ഓഫീസർ